## കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടം പണി

140 [303] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിടം പണിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ പെൺകുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം പണിയുന്നതിന് ചെമ്മനാട് വില്ലേജിൽ റീ സർവ്വേ നമ്പർ 255/1-ബി, 255/1-സി-യിൽപ്പെട്ട ചെമ്മനാട് ഗ്രാമപഞ്ചായത്ത് വക 10 ഏക്കർ മേച്ചിൽ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് ഔപചാരികമായി കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി അയച്ചുതരാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പന്തളം പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-യിൽ പുതുതായി ആരംഭിക്കുന്ന കോഴ്സുകൾ

141 [304] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിൽ ചേരിക്കൽ പ്രവർത്തിക്കുന്ന പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-ൽ പുതുതായി കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യുടെ നവീകരണത്തിന് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്;

(സി) പ്രസ്തുത ഐ.ടി.ഐ. പോളിടെക്നിക്കായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) വകുപ്പിന്റെ കീഴിൽ ഐ.ടി.ഐ.-കളില്ല. ചേരിക്കൽ പ്രവർത്തിക്കുന്ന പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly